# ‘നിത്യനും നീതിമാനുമായ ദൈവം’

## യെശയ്യാവ് 51:6

‘നിങ്ങളുടെ കണ്ണ് ആകാശത്തിലേക്കു ഉയർത്തുവിൻ; താഴെ ഭൂമിയെ നോക്കുവിൻ; ആകാശം പുകപോലെ പൊയ്പ്പോകും; ഭൂമി വസ്ത്രംപോലെ പഴകും; അതിലെ നിവാസികൾ കൊതുകുപോലെ ചത്തു പോകും; എന്നാൽ എന്റെ രക്ഷ എന്നേക്കും ഇരിക്കും; എന്റെ നീതിക്കു നീക്കം വരികയുമില്ല.’’

ദൈവം തന്റെ ജനത്തെ ഓർമ്മപ്പെടുത്തിക്കൊടുക്കുന്ന ഈ വചന ഭാഗത്തിലൂടെയാണു നാം കടന്നു പോയത്. ലോകത്തിലേക്ക് തിരിഞ്ഞ്, ലോകക്കാരിലും ലോകത്തിലുള്ളതിലും ഇഴുകിച്ചേർന്ന് ലോക ഇമ്പങ്ങൾക്കനുസരിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോകുമ്പോൾ നമ്മുടെ ജീവിതത്തിലും ഈ വചനങ്ങൾ ഒരു ഓർമ്മപ്പെടുത്തലാണു തരുന്നത്.

നാം ഈ ലോകത്തെയും ലോകത്തിലുള്ളതിനെയും മുറുകെപ്പിടിച്ച് നമ്മുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന ഈ വേളയിൽ ദൈവം ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സകല ചരാചരങ്ങൾക്കും പ്രപഞ്ചത്തിനും സൃഷ്ടാവെന്നിരിക്കെ ഈ കാണുന്നതൊക്കെയും ഒഴിഞ്ഞുപോയാലും എന്റെ നാമവും രക്ഷയും നീതിയും എന്നേക്കും നിലനിൽക്കും. എന്നെ വിളിച്ചപേക്ഷിക്കുന്നവനെ ഞാൻ ഒരു നാളും കൈവിടുകയില്ല.

വെളിപാട് 21-)o അദ്ധ്യായത്തിൽ കാണുന്നതു പോലെ ഒരിക്കൽ; ഈ കാണുന്ന ആകാശവും ഭൂമിയും ഇതിലെ സകല ചരാചരങ്ങളും ഒഴിഞ്ഞു പോകും. അവിടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. അന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തു അവിടെ നീതിമാനായ രജാവായി വാഴും.

ഇന്ന് നാം നോക്കിയാൽ സൃഷ്ടാവിനേക്കാളുപരി സൃഷ്ടിയെ ആരാധിക്കുന്ന ഒരു ജനതെയാണു നമുക്ക് കാണുവാൻ കഴിയുന്നത്. തങ്ങൾക്ക് ആവുംവിധം സമ്പാദിക്കുകയും അതു കൊണ്ട് വാങ്ങിക്കൂട്ടാവുന്നതിലധികം ഭൂസ്വത്തുക്കൾ കൈവശമാക്കുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന ഒരു വിഭാഗം. ഇവിടെ മറന്നു പോകുന്നത് ഇവയൊക്കെ സൃഷ്ടിച്ച് എന്നെയും നിന്നെയും ഈ ഭൂമിയിൽ ആക്കി വെച്ചിരിക്കുന്ന ദൈവത്തെയാണ്. നമ്മെ ഈ ഭൂമിയിൽ നിലനിർത്തിയിരിക്കുന്നത് നമ്മുടെ സൃഷ്ടാവിനെ ആരാധിക്കാൻ വേണ്ടിയാണ്.

സൃഷ്ടിയെ മറന്ന് സൃഷ്ടാവിനെ ആരാധിക്കാൻ നാം തയ്യാറാകണം. കാരണം കർത്താവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്ന ആരെയും അവൻ ഒരുനാളും കൈവിടില്ല.

അവർ നശിച്ചു പോകുകയോ അവരെ നഷ്ടപ്പെടുവാൻ തക്കവണ്ണം ദൈവം അനുവദിക്കുകയോ ഇല്ല, കാരണം ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയത്രെ. പഴയത് കഴിഞ്ഞ് പോകുകയും പുതിയതിനെ സ്വീകരിക്കുകയും ചെയ്യുന്നു.

2 കൊരിന്ത്യർ 4:18 ൽ പറയുന്നു "കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം."

ഈ ജീവിത യാത്ര തുടരുമ്പോൾ നാം ഈ ലോകത്തിൽ കാണുന്ന മായകളിൽ തങ്ങി നശിച്ചുപോകാതെ കാണാത്തതിനെ തേടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി ഉറപ്പിച്ച് യാത്ര ചെയ്യുവാൻ നമ്മുടെ ദൈവം ദിനംപ്രതി ബലപ്പെടുത്തും. നാം അവനിലേക്ക് ഒന്നു അടുത്തു ചെല്ലുക മാത്രമേ വേണ്ടൂ. കർത്താവിലേക്ക് നോക്കിയുള്ള നമ്മുടെ ജീവിതം വളരെയധികം സന്തോഷം തരുന്നതും ദൈവപ്രീതി പിടിച്ചു പറ്റാൻ ഇടയാകുകയും ചെയ്യും. അതിനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കുകയും, ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ സഹായിക്കുകയും ചെയ്യുമാറാകട്ടെ.

പരാമർശം :

യോഹന്നാൻ 20:29

"കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ."

ബ്രദർ ബിനു ബേബി ആലപ്പുഴ 004